**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2853** **13-10-2021 - ൽ മറുപടിയ്ക്ക്**

**തൃക്കുന്നപ്പുഴ -ആറാട്ടുപുഴ പഞ്ചായത്തുകളിലെ പുലിമുട്ട് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | തൃക്കുന്നപ്പുഴ -ആറാട്ടുപുഴ പഞ്ചായത്തുകളിൽ ശേഷിക്കുന്ന പ്രദേശങ്ങളിലെ പുലിമുട്ടുകളുടെ നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിക്കുമോ; | (എ) | ഹരിപ്പാട് നിയോജക മണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടുകൂടി പതിയങ്കരയിൽ 1.50 കി.മീറ്റർ നീളത്തിലുള്ള തീരദേശസംരക്ഷണത്തിന് വേണ്ടി 13 പുലിമുട്ടുകളും ആറാട്ടുപുഴയിൽ 1.20 കി.മീറ്റർ നീളത്തിലുള്ള തീരദേശസംരക്ഷണത്തിന് വേണ്ടി 21 പുലിമുട്ടുകളും, വട്ടച്ചാലിൽ 1.70 കി.മീറ്റർ നീളത്തിലുള്ള തീരദേശസംരക്ഷണ ത്തിന് വേണ്ടി 16 പുലിമുട്ടുകളുടെയും നിർമ്മാണമാണ് പുരോഗമിച്ചു കൊണ്ടിരിക്കുന്നത്. കൂടാതെ ആറാട്ടുപുഴ പഞ്ചായത്തിലെ നെല്ലാനിക്കലിൽ 510 മീറ്റർ നീളത്തിലുള്ള കടൽതീരത്ത് 9.56 കോടി രൂപ അടങ്കൽ തുക വരുന്ന മൂന്ന് പുലിമുട്ടുകൾ കിഫ്ബിയുടെ ധനസഹായത്തോടുകൂടി നിർമ്മിക്കുന്നതിനായി തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. (G.O(Rt)N0.365/2021/WRD dated 13/07/2021) ശേഷിക്കുന്ന ആറാട്ടുപുഴ-തൃക്കുന്നപ്പുഴ പ്രദേശങ്ങളിൽ രൂക്ഷമായ കടലാക്രമണം അനുഭവപ്പെടുന്ന പ്രദേശങ്ങൾ തിരിച്ചറിയുകയും, പുലിമുട്ടുകളുടെ നിർമ്മാണത്തിനായുള്ള പ്രവൃത്തികൾ സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) | പ്രസ്തുത പ്രദേശങ്ങളിൽ എത്ര കിലോമീറ്റർ ദൂരത്താണ് ഇനിയും പുലിമുട്ടുകൾ നിർമ്മിക്കാനുള്ളതെന്നും ഇതിൽ ഏതെല്ലാം ഭാഗത്തെ പുലിമുട്ട് നിർമ്മാണത്തിനുള്ള പുതിയ പ്രൊപ്പോസലുകളാണ് പരിഗണനയിലുള്ളതെന്നും അറിയിക്കാമോ; | (ബി) | പ്രസ്തുത പ്രദേശങ്ങളിൽ 6.628 കി.മീ. നീളത്തിൽ പുലിമുട്ടുകളോ/ കടൽഭിത്തിയോ നിർമ്മിക്കേണ്ടത് ആവശ്യമാണ്. ഇതിലേയ്ക്കായി 89.63 കോടി രൂപയുടെ 11 പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്. ശേഷിക്കുന്ന പ്രദേശങ്ങളിൽപെട്ട രൂക്ഷമായ കടലാക്രമണം അനുഭവപ്പെടുന്ന ആറാട്ടുപുഴ പഞ്ചായത്തിൽ പെരുമ്പള്ളിയിൽ 550 മീറ്റർ കടൽത്തീരത്തേക്ക് 10.62 കോടി രൂപയ്ക്കും, കാർത്തിക ജംഗ്ഷൻ മുതൽ പതിയങ്കര വരെയുള്ള 2.30 കി.മീറ്റർ കടൽത്തീരത്തേക്ക് 41.97 കോടി |

| | | | |
|---|---|---|---|
| | | | രൂപയും, തൃക്കുന്നപ്പുഴ പഞ്ചായത്തിൽ പതിയങ്കര മുതൽ കോട്ടമുറി വരെ 600 മീറ്റർ കടൽത്തീരത്തേക്ക് 11.51 കോടി രൂപയും, തൃക്കുന്നപ്പുഴ ജംഗ്ഷനിൽ 700 മീറ്റർ കടൽത്തീരത്തേക്ക് 13.31 കോടി രൂപയും, പള്ളിപാട്ടുമുറി മുതൽ പല്ലന വരെ 2.8 കി.മീറ്റർ കടൽത്തീരത്തേക്ക് 50.93 കോടി രൂപയുമുള്ള എസ്റ്റിമേറ്റിന് തത്വത്തിലുള്ള ഭരണാനുമതിയ്ക്കായുള്ള ഈ പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. |
| (സി) | പ്രസ്തുത പ്രദേശങ്ങളിലെ പുലിമുട്ട്-കടൽഭിത്തി നിർമ്മാണത്തിനുള്ള ഐ.ഐ.ടി. പഠനറിപ്പോർട്ട് ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | പ്രസ്തുത പ്രദേശത്ത് Bathymetric survey നടത്തി ഐ.ഐ.റ്റി. പഠന റിപ്പോർട്ട് ലഭ്യമാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ